പഞ്ചായത്ത് വകുപ്പ്
പ്രസിദ്ധീകരണം

# പഞ്ചായത്ത് രാജ്

പുസ്തകം 62 ലക്കം 8 നവംബർ 2022




## ഗ്രാമപഞ്ചായത്തുകളിലെ സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ പ്രാദേശികവത്കരണം




# എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡ് പരിശീലന പരിപാടി

## തദ്ദേശവകുപ്പിലെ ഉദ്യോഗസ്ഥർക്കായുള്ള പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം

ഊർജ്ജ സംരക്ഷണ നിയമം 2001 (2001 ലെ കേന്ദ്ര നിയമം 52) ഏകോപിപ്പിക്കുന്നതിനും നടപ്പിലാക്കുന്നതിനുമുള്ള സംസ്ഥാന നിയുക്ത ഏജൻസിയാണ് (SDA) എനർജി മാനേജ്മെന്റ് സെന്റർ.

കേരള സർക്കാർ വാണിജ്യ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളിലെ ഊർജ്ജ സംരക്ഷണം ഉറപ്പ് വരുത്തുന്നതിനായി കേരള എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡ് (KSECBC) റൂൾസ് 2017 വിജ്ഞാപനം ചെയ്യുകയും ഈ നിയമത്തിന്റെ വ്യവസ്ഥകൾ 2019 ലെ കേരള മുനിസിപ്പൽ / പഞ്ചായത്ത് ബിൽഡിംഗ് നിയമങ്ങളിൽ ഉൾപ്പെടുത്തിയിട്ടുമുണ്ട്.

മേല്പറഞ്ഞിരിക്കുന്ന വിജ്ഞാപന പ്രകാരം 100 KW അല്ലെങ്കിൽ അതിൽ കൂടുതലോ കണക്റ്റഡ് ലോഡ്, അല്ലെങ്കിൽ 120 KVA യോ അതിൽ കൂടുതലോ കോൺട്രാക്ട് ഡിമാൻഡ്, 500 ച. മീറ്ററോ അതിലധികമോ എയർകണ്ടീഷൻ ചെയ്ത ഇടമുള്ളതോ ആയ വാണിജ്യ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന കെട്ടിടങ്ങൾ KSECBC വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

മാത്രമല്ല ഗാർഹിക കെട്ടിടങ്ങൾക്കായി ഇന്ത്യാ ഗവൺമെന്റ് രണ്ട് വാല്യങ്ങളിലായി പുറത്തിറക്കിയ "ഇക്കോ നിവാസ് സംഹിത (ENS) എന്ന ഊർജ്ജ സംരക്ഷണ കോഡ് "സംസ്ഥാനത്തിൽ വിജ്ഞാപനം ചെയ്യുവാനുള്ള നടപടികളും പുരോഗമിച്ചു വരികയാണ്. ഈ നിയമങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിലൂടെ താരതമ്യേന സംസ്ഥാന ഊർജ്ജ ഉപഭോഗത്തിൽ മൂന്നിൽ രണ്ട് പങ്കിന് കാരണമായ കെട്ടിടങ്ങളുടെ ഊർജ്ജ ഉപഭോഗം കുറയ്ക്കുന്നതിന് സഹായകരമാകും.

കെട്ടിട നിർമ്മാണ മേഖലയിൽ പ്രവർത്തിക്കുന്ന പ്രൊഫഷണലുകളെ ECBC മാനദണ്ഡങ്ങളനുസരിച്ച് കെട്ടിടം ഡിസൈൻ ചെയ്യുന്നതിനുള്ള കമ്പ്യൂട്ടർ സിമുലേഷനി









ലും സാങ്കേതിക വിദ്യയിലും Hands on training കൂടി നൽകി, ECBC പ്രകാരം നിർമ്മിച്ച കെട്ടിടങ്ങൾ പരിശോധിച്ച് സർട്ടിഫൈ ചെയ്യുന്നതിന് BEEE (Building Energy Efficiency Experts) എന്ന ഒരു കേഡറിനെ എംപാനൽ ചെയ്യുകയും ചെയ്തിട്ടുണ്ട്.

മുനിസിപ്പൽ കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ, ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടെയുള്ള തദ്ദേശ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്ക് കേരള എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡ് റൂൾസ് 2017, ഇക്കോ നിവാസ് സംഹിത എന്നിവ വിജയകരമായി നടപ്പിലാക്കുന്നതിൽ ഒരു മുഖ്യ പങ്ക് വഹിക്കേണ്ടതുണ്ട്.

ഈ നിയമങ്ങളുടെ സുതാര്യമായ നടത്തിപ്പിന് കൂടുതൽ പരിശീലനം ആവശ്യമാണെന്ന തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ആവശ്യം കണക്കിലെടുത്ത്, എനർജി മാനേജ്മെന്റ് സെന്റർ, ദേശീയ ഊർജ്ജ സംരക്ഷണ ദിനമായ ഡിസംബർ 14-ാം തീയതി മുതൽ ജനുവരി മാസം 16-ാം തീയതി വരെയായി ക്രമീകരിച്ചുള്ള ജില്ലാതല പരിപാടികൾ വഴി എല്ലാ തദ്ദേശ സ്ഥാപനങ്ങളിലെയും എഞ്ചിനീയർമാർക്കും സെക്രട്ടറിമാർക്കും, എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡ്, "ഇക്കോ നിവാസ് സംഹിത (ENS)" എന്നീ വിഷയങ്ങളിൽ പരിശീലനം നൽകുന്നു.

14 ജില്ലകളിലായി നടത്തപ്പെടുന്ന 24 പ്രോഗ്രാമുകളിലായി 2200 ൽ പരം എൻജിനിയർമാരും സെക്രട്ടറിമാരും പങ്കെടുക്കുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്. ഈ പരിപാടികളുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം റസിഡൻസി ടവറിൽ വച്ച് നടന്നു. വൈദ്യുതി വകുപ്പ് മന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടി പരിപാടി ഉദ്ഘാടനം ചെയ്തു. തദ്ദേശഭരണ പ്രിൻസിപ്പൽ ഡയറക്ടർ എം.. ജി. രാജമാണിക്യം ഐ. എ. എസ്. അധ്യക്ഷത വഹിച്ചു. ഊർജ്ജ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കെ. ആർ. ജ്യോതിലാൽ, ഇ. എം. സി. ഡയറക്ടർ ഡോ. ആർ. ഹരികുമാർ, കില ഡയറക്ടർ ജനറൽ ഡോ: ജോയ് ഇളമൺ എന്നിവർ ചടങ്ങിൽ സംസാരിച്ചു. ഇ.എം. സി. ജോയിന്റ് ഡയറക്ടർ എ. എൻ. ദിനേഷ് കുമാർ നന്ദി പ്രകാശിപ്പിച്ചു. സംസ്ഥാനത്തുടനീളം നടത്തുന്ന പരിപാടിയുടെ കലണ്ടറും എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡ് നടപ്പിലാക്കുന്നതിന് സഹായകമായ കൈപുസ്തകവും ചടങ്ങിൽ പ്രകാശനം ചെയ്തു. □